## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5426** **25.10.2011-ലെ മറുപടിക്ക്.**

## കൊയിലാണ്ടിയിലെ സുനാമി റീഹാബിലിറ്റേഷൻ പദ്ധതി

### ചോദ്യം

**ശ്രീ. കെ.ദാസൻ**

(എ) സുനാമി റീഹാബിലിറ്റേഷൻ പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളിൽ ഓരോന്നിനും മേൽനോട്ടം വഹിക്കുന്ന വകുപ്പുകൾ ഏതാണ് എന്ന് വ്യക്തമാക്കാമോ ;

### ഉത്തരം

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**(റവന്യൂ വകുപ്പ് മന്ത്രി)**

(എ) യും (ബി) യും

1) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ കൊയിലാണ്ടി ടൗണിലേക്കും, ബീച്ച് ഏരിയയിലേക്കും ഉള്ള ശുദ്ധജല വിതരണ പദ്ധതി, ചേമഞ്ചേരി പഞ്ചായത്തിലെ കണ്ണങ്കടവ് ശുദ്ധജല വിതരണ പദ്ധതി, പയ്യോളി പഞ്ചായത്തിലെ കോട്ടക്കൽ തീരദേശത്തേക്കുള്ള ശുദ്ധജല വിതരണ പദ്ധതി എന്നിവ കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

2) കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലെ നവീകരണ പ്രവർത്തികൾ, പയ്യോളി പഞ്ചായത്തിലെ ഇരിങ്ങൽ (കോട്ടക്കൽ) പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒ.പി. ബ്ലോക്ക് നിർമ്മാണം. എന്നീ പ്രവർത്തികൾ ആരോഗ്യവകുപ്പിന്റെ കീഴിൽ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ (NRHM) മേൽനോട്ടത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

3) ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി ചേമഞ്ചേരി പഞ്ചായത്തിൽ 25 വീടുകളുടെയും, ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ 28 വീടുകളുടെയും, തിക്കോടി പഞ്ചായത്തിൽ 20 വീടുകളുടെയും നിർമാണപ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഈ പ്രവർത്തി റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആണ് നടപ്പിലാക്കിയിട്ടുള്ളത്.

4) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലും, ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തിക്കോടി, പയ്യോളി എന്നീ പഞ്ചായത്തുകളിലും ഡയറി യൂണിറ്റ്, കാലിത്തൊഴുത്ത് നവീകരണം, തീറ്റപ്പുൽ കൃഷി, അസോള കൃഷി എന്നിവയും ചേമഞ്ചേരി, തിക്കോടി, പയ്യോളി എന്നീ പഞ്ചായത്തുകളിൽ ഓപ്പറേഷണൽ അസിസ്റ്റൻസ്, ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ നീഡ് ബെയ്സ്ഡ് അസിസ്റ്റൻസ് എന്നീ പദ്ധതികളും ക്ഷീരവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

5) ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, പന്തലായനി, വിയ്യൂർ, മൂടാടി, തിക്കോടി എന്നീ വില്ലേജുകളിൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ ആന്റ് ലൈഫ് സേവിംഗ് ഡ്രഗ്സ്, കന്നുകാലി ഇൻഷുറൻസ്, ടർക്കി റിയറിംഗ്, ഇന്റഗ്രേറ്റഡ് അനിമൽ ഹസ്ബൻഡറി ആക്ടിവിറ്റീസ്, ഫീഡ് ആന്റ് മിനറൽ മിക്സ്ചർ, ഗോട്ട് റിയറിംഗ് എന്നീ പദ്ധതികൾ മൃഗ സംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

6) ജി.വി.എച്ച്.എസ്.എസ് പയ്യോളി, ജി.ജി.എച്ച്.എസ്.എസ്. കൊയിലാണ്ടി, പൊയിൽകാവ് ഹൈസ്കൂൾ, തിക്കോടി എം.എൽ.പി സ്കൂൾ, മൂരാട് എം.എൽ.പി സ്കൂൾ, എന്നീ സ്കൂളുകളിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മേൽ നോട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കാപ്പാട് ജി.എം.യു.പി സ്കൂൾ, കൊയിലാണ്ടി ജി.എഫ്.യു.പി.സ്കൂൾ, കോതമംഗലം ജി.എം.യു.പി സ്കൂൾ, കെ.കെ. കിടാവ് മെമ്മോറിയൽ സ്കൂൾ, തുവക്കോട് എ.എൽ.പി.സ്കൂൾ, മേലൂർ എൽ.പി.സ്കൂൾ, പൊയിൽകാവ് യു.പി. സ്കൂൾ, ചെങ്ങോട്ട്കാവ് യു.പി.സ്കൂൾ എന്നീ സ്കൂളുകളിൽ ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

7) തീരമൈത്രി സൂപ്പർ മാർക്കറ്റ്, കടൽ സുരക്ഷാ കിറ്റുകളുടെ വിതരണം, 61 ചെറുകിട സംരംഭങ്ങൾ (ഹോം മെയ്ഡ് ബേക്കറി, ഗാർമെൻറ് യൂണിറ്റ്, ഹോട്ടൽ, ഹാന്റ് മെയ്ഡ് ടോയ്‌ലറ്ററി), വർക്കിംഗ് ക്യാപിറ്റൽ ഫോർ റിവോൾവിംഗ് ഫണ്ട് (മത്സ്യത്തൊഴിലാളികൾക്ക് ദിവസ വേതനം ഉറപ്പുവരുത്തുന്ന പദ്ധതി), മസ്സൽ ഓയിസ്റ്റർ കൾച്ചർ, മസ്സൽ കം പിക്കിൾ യൂണിറ്റ്, മസ്സൽ ഡെപ്യൂറേഷൻ യൂണിറ്റ് എന്നീ പദ്ധതികൾ ഫിഷറീസ് വകുപ്പിൻെറ മേൽനോട്ടത്തിൽ മത്സ്യഫെഡ്, സാഫ്, അഡാക്ക് എന്നിവയുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നു.

(സി) അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

(സി) സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തികളിൽ ക്ഷീരവികസന വകുപ്പ്, മത്സ്യബന്ധന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവ മുഖേന നടപ്പിലാക്കിയ പദ്ധതികളൊഴികെ മറ്റെല്ലാ പ്രവർത്തികളും അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ടവയാണ്.

സെക്ഷൻ ആഫീസർ.